## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1821 17.03.2015-ൽ മറുപടിക്ക്

## സർക്കാർ ഓഫീസുകളിൽ പേപ്പർ ലെസ് സംവിധാനം

ചോദ്യം

ശ്രീ.ബെന്നി ബെഹനാൻ;
ശ്രീ.എ.റ്റി.ജോർജ്;
ശ്രീ.സി.പി.മുഹമ്മദ്;
ശ്രീ.ടി.എൻ.പ്രതാപൻ:

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിൽ പേപ്പർ ലെസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കാമോ; | (എ) | ഉണ്ട് .സർക്കാർ ഓഫീസുകളിൽ പേപ്പർ ലെസ് സംവിധാനമായ ഇ-ഓഫീസ് സോഫ്റ്റ് വെയർ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.ഈ പദ്ധതിയുടെ പ്രഥമ ഘട്ടത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കികൊണ്ടിരിക്കുകയാണ്. രണ്ടാം ഘട്ടത്തിൽ ഡയറക്ടറേറ്റ് ഓഫീസുകളിലേക്കും മറ്റും പദ്ധതി വ്യാപിപ്പിക്കും. |
| (ബി) | സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക, അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക,അതു വഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ്. ഫയലുകളുടെ നീക്കം പൊതുജനങ്ങൾക്ക് ഓൺലൈനായി അറിയുവാൻ ഇതിൽ സിറ്റിസൺ ഇന്റർഫേസ് എന്ന സംവിധാനവും ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. |

| | | | |
|---|---|---|---|
| (സി ) | സംവിധാനം നടപ്പാക്കുന്നതിൽ ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | ഐ.റ്റി വകുപ്പ് മുഖാന്തിരം സർക്കാർ നടപ്പാക്കുന്ന ഈ പദ്ധതിയിൽ കേരള സംസ്ഥാന ഐ.റ്റി മിഷൻ, കെൽട്രോൺ, എൻ. ഐ. സി, എന്നീ ഏജൻസികളാണ് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നത് .<br><br>NIC - ഇ മെയിൽ ഐ.ഡി, എംപ്ലോയീ മാസ്റ്റർ ഡാറ്റബേസ് എന്നിവ അനുവദിച്ച് നൽകുക . ഡിജിറ്റൽ സിഗ്നേചർ ടോക്കൺ ഇൻസ്റ്റോളേഷൻ, പഴയ ആപ്ലിക്കേഷനുകളെ ഇ-ഓഫീസിലേക്ക് മൈഗ്രേറ്റ് ചെയ്യിക്കുക, സെർവറുകൾ വാങ്ങി ഇൻസ്റ്റാൾ ചെയ്യുക , ഇ ഓഫീസ് സമാരംഭിക്കുക.<br><br>NIC PMU (പ്രോജക്ട് മോണിട്ടറിംഗ് യൂണിറ്റിലുള്ള) സ്റ്റാഫാണ് ഉദ്യോഗസ്ഥർക്ക് ഇ-ഓഫീസ് ഉപയോഗിക്കുന്നതിനാവശ്യമായ ട്രെയിനിംഗ് നൽകുന്നത്.<br><br>ഐ.റ്റി മിഷൻ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക , ഡിജിറ്റൽ സിഗ്നേചർ, വെർച്ചൽ പ്രൈവറ്റ് നെറ്റ് വർക്ക് എന്നിവ അനുവദിക്കുന്നതിൽ സഹായിക്കുന്നു.<br><br>കെൽട്രോൺ - കമ്പ്യൂട്ടർ , അനുബന്ധ ഘടകങ്ങൾ നൽകുന്നു, കൂടാതെ നെറ്റ് - വർക്ക്, ബാൻഡ് വിഡ്ത്ത് , എന്നിവയുടെ തകരാറുകൾ കണ്ടെത്തി പരിഹരിക്കുന്നു . |

സെക്ഷൻ ഓഫീസർ